പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1373

03.10.2016-ൽ മറുപടിയ്ക്ക്

## കേസുകൾ തീർപ്പാക്കുന്നതിന്റെ കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.സ്വരാജ് | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ കോടതികളിൽ കേസുകൾ തീർപ്പാക്കുന്നതിന് ഒട്ടേറെ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഈ കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ ഭാഗത്തുനിന്നും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വിശദീകരിക്കുമോ ;<br>(സി) കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ? | (ബി) & (സി) കെട്ടികിടക്കുന്ന കേസുകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനും പൊതുജനങ്ങൾക്ക് ആയതുമൂലം ബുദ്ധിമുട്ടനുഭവിക്കാതിരിക്കാനുമായി ഈ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജുഡീഷ്യറിയുടെ പ്രസക്തി കണക്കിലെടുത്ത് സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് തസ്തികകൾ ഉൾപ്പെടെ അനുവദിച്ച് കോടതികൾ ആരംഭിക്കുകയും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും ചെയ്തു വരുന്നുണ്ട്. കൂടാതെ 2016-ൽ കൂടിയ ചീഫ് ജസ്റ്റിസുമാരുടെ കോൺഫറൻസിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കേസുകൾ 2016-ൽ തന്നെ തീർപ്പാക്കുന്നതിനുള്ള നടപടികൾ ഹൈക്കോടതിയിൽ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ